(ബി) സ.ഉ. (എംഎസ്.) നമ്പർ 362/2013/തസ്വഭവ. തീയതി 16-11-2013 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖാപ്രകാരം ഗ്രാമ പഞ്ചായത്തുകൾ വിലയ്ക്ക് വാങ്ങുന്ന സ്ഥലം ഭൂരഹിതർക്ക് വീടുവയ്ക്കുന്നതിനായി ഗുണഭോക്താവിന്റെ പേരിൽ പതിച്ചുനൽകാവുന്നതാണ്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ പദ്ധതിച്ചെലവ്

187 (3025) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതികളിൽ എത്ര ശതമാനം തുക ഇതുവരെ ചെലവഴിച്ചു എന്നും പ്രസ്തുത നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും പദ്ധതിച്ചെലവ് സംബന്ധിച്ച ശതമാന കണക്കും വിശദമാക്കുമോ;

(ബി) വൈക്കം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാറ്റിവച്ച വിഹിതത്തിൽ എത്ര ശതമാനം തുക വീതം ഓരോ പഞ്ചായത്തിലും ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

ഗ്രാമപഞ്ചായത്തിന്റെ പേര്	15-2-2016 വരെയുള്ള ചെലവ് തുക (ലക്ഷത്തിൽ)	ചെലവ് ശതമാനം
വെള്ളൂർ	117.31	46.64
ഉദയനാപുരം	174.33	44.87
വെച്ചൂർ	104.97	43.81
തലയാഴം	114.75	42.99
ടിവിപുരം	90.98	46.34
ചെമ്പ്	100.76	36.14
മറവൻതുരുത്ത്	142.62	60.66
തലയോലപ്പറമ്പ്	98.07	41.63
കല്ലറ	68.76	46.26

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ഗ്രാമപഞ്ചായത്തിന്റെ പേര്	15-2-2016 വരെയുള്ള ചെലവ് ശതമാനം	
	എസ്.സി.പി.	ടി.എസ്.പി.
വെള്ളൂർ	38.56	ഇല്ല
ഉദയനാപുരം	36.4	ഇല്ല
വെച്ചൂർ	20.39	ഇല്ല
തലയാഴം	35.26	ഇല്ല
ടിവിപുരം	19.78	3.81
ചെമ്പ്	9.44	1.48
മറവൻതുരുത്ത്	46.62	13.64
തലയോലപ്പറമ്പ്	24.04	25.84
കല്ലറ	19.6	ഇല്ല

ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം

188 (3026) ശ്രീ. വി. ടി. ബൽറാം :

ശ്രീ. വർക്കല കഹാർ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ആധുനികരീതിയിലുള്ള ശ്മശാനങ്ങളുടെ നിർമ്മാണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly